M 6501

Reg. No.: ..............................

Name : ..................................

# II Semester B.A./B.Sc. Degree (CCSS – Reg./Supple./Improve.) Examination, May 2014
## COMMON COURSE IN MALAYALAM
## 2A 08 MAL : സാഹിത്യവും സംസ്കാരവും
## (2012 Admn. Onwards)

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക (**ഓരോ** വിഭാഗത്തിന്റെയും മൂല്യം **1**). **(4×1=4 വെയിറ്റേജ്)**

1) താഴെപ്പറയുന്ന ഭൂപ്രകൃതിക്ക് സമാനമായ തിണകൾ ഏതെന്നെഴുതുക.

എ) വനപ്രദേശം

ബി) മലയും മലയോരപ്രദേശങ്ങളും

സി) മണൽക്കാടും കുറ്റിക്കാടും

ഡി) നാട്ടുപ്രദേശം

2) താഴെപ്പറയുന്ന കൃതികൾ ആരാണെഴുതിയത് ?

എ) കിരാതവൃത്തം

ബി) മധുരം ഗായതി

സി) മരുഭൂമികൾ ഉണ്ടാകുന്നത്

ഡി) മൊട്ട

3) **ഒറ്റ**വാക്കിൽ ഉത്തരമെഴുതുക.

എ) വട്ടെഴുത്തിന്റെ മറ്റൊരു പേരെന്ത് ?

ബി) വക്കം അബ്ദുൽ ഖാദർ മൗലവി പ്രസിദ്ധപ്പെടുത്തിയിരുന്ന അറബി മലയാളം മാസികയുടെ പേരെന്ത് ?

സി) നൈഷധം ചമ്പു എഴുതിയതാര് ?

ഡി) കേരള പാണിനി എന്നറിയപ്പെടുന്നതാരെ ?

P.T.O.

4) ''പുലികൾ, സിംഹം, കടുവ വന്നാ-
ലിവനെനിക്കൊരു പിന്തുണ
മണ്ണുമാന്തി, വിളഞ്ഞ കായ്കനി തിന്നു,
കാടിൻ തേൻ കുടിച്ചു മദിച്ചവൻ''

എ) ആരുടെ വാക്കുകൾ ?

ബി) ആരെക്കുറിച്ചാണ് പറയുന്നത് ?

സി) പിന്തുണ നൽകിയിരുന്ന ആൾക്ക് എന്താണ് സംഭവിച്ചത് ?

ഡി) ഏത് കൃതിയിൽ നിന്ന് ?

5) ''മണ്ണാങ്കട്ട ഇതൊക്കെ ബിസിനസ്സിന്റെ ഓരോ സ്ട്രാറ്റജിയല്ലേ ? ഏതായാലും അതിനുശേഷം എനിക്കു തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല.''

എ) ആരുടെ വാക്കുകൾ ?

ബി) ആരോടാണ് പറയുന്നത് ?

സി) 'ഏതായാലും അതിനുശേഷം എനിക്കു തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല' – ഏതിനുശേഷം ?

ഡി) ഏത് കൃതിയിൽ നിന്ന് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് 1). **(4×1=4 വെയിറ്റേജ്)**

6) തളി സംസ്കാരത്തെക്കുറിച്ച് വിവരിക്കുക.

7) 'നിങ്ങളുടെ കുഞ്ഞിനെ സ്നേഹം കൊണ്ട് പൊതിയുക എന്നതിന്റെ വ്യാവസായിക അർത്ഥം നിങ്ങൾ നിങ്ങളുടെ കുഞ്ഞിനെ ഒരു പ്രത്യേക പേരുള്ള പൗഡർകൊണ്ട് പൊതിയുക എന്നാണ്. ' വിശദമാക്കുക.

8) 'ഇവയാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ കണ്ണിൽ മൂന്നു മുഖ്യ ഇക്കോളജിക്കൽ ഇമേജുകൾ' – ഏവ ? വിശദീകരിക്കുക.

9) കുഞ്ചൻ നമ്പ്യാരെക്കുറിച്ച് കുറിപ്പെഴുതുക.

10) ''അല്ല. കിടപ്പാടത്തിന്റെ താക്കോൽ... അത് കണ്ടെത്താൻ മറ്റൊരു താക്കോൽ വേണം. ധർമ്മത്തിന്റെ താക്കോൽ..... അതാരാണൊളിപ്പിച്ചു വെച്ചിരിക്കുന്നത് ?'' – സന്ദർഭം വിശദീകരിക്കുക.

11) ''മരിച്ചു എന്നല്ല പറയേണ്ടത്. ആ ജന്മി, ആ ദുഷ്ടൻ, ആ കൊടും ക്രൂരൻ അമ്മയെ കൊന്നു എന്നു പറയണം'' – ആരുടെ വാക്കുകൾ ? വിശദീകരിക്കുക.

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ഏഴു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് 2). **(5×2=10 വെയിറ്റേജ്)**

12) മാധ്യമങ്ങൾ നമ്മുടെ അനുഭവത്തെ മലിനമാക്കുന്നതെങ്ങനെ ? വിശദമാക്കുക.

13) 'അംബ പേരാറേ നീ മാറിപ്പോമോ
ആകുലമായൊരഴുക്കുചാലായ്' – വിശദീകരിക്കുക.

14) 'ഉള്ളുറൈ' എന്തെന്ന് വിശദീകരിക്കുക.

15) മലയാളത്തിലെ ഗദ്യസാഹിത്യത്തെക്കുറിച്ച് ഉപന്യസിക്കുക.

16) 'അന്യവൽക്കരണ സങ്കേതം' ആണ്ടുബലി എന്ന നാടകത്തിൽ ഉപയോഗിച്ചിരിക്കുന്നതെങ്ങനെ ?

17) വിവിധ പ്രദേശങ്ങളുമായി നിരന്തരം ബന്ധപ്പെടുന്ന ഒരു ഗ്രാമത്തിൽ സൃഷ്ടിക്കപ്പെടാവുന്ന ആശയപ്രപഞ്ചമാണ് നമുക്കുള്ളത് – സമർത്ഥിക്കുക.

18) 'നെയ്ത്തുകാരനി'ലെ ജോഷി എന്ന കഥാപാത്രം അനുഭവപ്പെടുത്തുന്ന സാംസ്കാരിക പരിസരം വ്യക്തമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് 4). **(3×4=12 വെയിറ്റേജ്)**

19) ''പ്രകൃതിയുടെ ഒരു മുറിവിലൂടെ പരിഷ്കൃതിയുടെ ഒരു രോഗത്തെ ആവിഷ്കരിക്കുക എന്നതാണ് ഇവിടെ പരിസ്ഥിതിപരമായ രചനകൾ ചെയ്യുന്നത് '' – വിശദീകരിക്കുക.

20) 'ആണ്ടുബലി' എന്ന നാടകത്തിൽ യുദ്ധത്തിന്റെ ഭീകരത ആവിഷ്കരിച്ചുകൊണ്ട് വാസുദേവൻ പിള്ള ആവിഷ്കരിക്കുന്ന ജീവിത ദർശനം വിശദീകരിക്കുക.

21) മലയാളസംസ്കാരത്തിന്റെ രൂപീകരണത്തെക്കുറിച്ച് ഡോ. കെ. എൻ. ഗണേഷ് അവതരിപ്പിക്കുന്ന ചിന്തകൾ ക്രോഡീകരിക്കുക.

22) ദ്രാവിഡസൗന്ദര്യശാസ്ത്രത്തിൽ തിണസങ്കല്പനത്തിനുള്ള പ്രാധാന്യം ചർച്ച ചെയ്യുക.

23) കേരള ചരിത്രത്തിന്റെ വൈരുദ്ധ്യങ്ങൾ ആവിഷ്കരിക്കുന്ന കൃതിയാണ് 'നെയ്ത്തുകാരൻ'. പരിശോധിക്കുക.

______________